**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1778** **13-02-2025 - ൽ മറുപടിയ്ക്ക്**

**പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷം ഗതാഗത വകുപ്പിന് പദ്ധതി അടങ്കലിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കാമോ? | (എ) | ഗതാഗത വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള മോട്ടോർ വാഹന വകുപ്പ് ജലഗതാഗത വകുപ്പ്, കെ.എസ്.ആർ. ടി.സി, ശ്രീചിത്തിരതിരുന്നാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് എന്നിവർക്കാണ് പദ്ധതി അടങ്കൽ തുക വകയി രുത്തിയിട്ടുളളത്. ആയതിന്റെ വിശദാം ശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**മോട്ടോർവാഹന വകുപ്പ്**<br><br>G.O.(Rt.)328/2024/Trans dated 24/0 8/2024, G.O.(Rt.)204/2024/Trans dated 04/06/2024 എന്നീ ഉത്തരവുകൾ പ്രകാരവും ട്രാൻസ്പോർട്ട് കമ്മീഷണറുടെ 31.12.2024 ലെ A3/90/2024-TC നമ്പർ നടപടിക്രമം പ്രകാരവും ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>Road Safety Measures-XLI-5055-00-800-91 ആയി Budget Outlay 500 ലക്ഷം രൂപ ആണ്. ഇതിൽ 200 ലക്ഷത്തിന് ഭരണാനുമതി നൽകിയതിൽ 175.64 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ടി തുക Budget Outlay യുടെ 50%-ത്തിൽ താഴെയാണ്.<br><br>E-Mobility Promotion Fund-XLI-3055-00-800-93 എന്ന ശീർഷകത്തിൽ Budget Outlay 1750 ലക്ഷം രൂപ ആണ് . ഇതിൽ 576 ലക്ഷത്തിന് ഭരണാനുമതി നൽകിയതിൽ 368.98ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ടി തുക Budget Outlay യുടെ 50%-ത്തിൽ താഴെയാണ്. Training and Capacity Building- [XLI] -3055-00-003-99 ശീർഷകത്തിൽ Budget Outlay 200 ലക്ഷം രൂപ ആണ്. പക്ഷെ ആയതിന് ഭരണാനുമതി ലഭിക്കാതിരുന്നതിനാലും പുതുതായി appoint ചെയ്ത അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്ക് basic training നിർബന്ധമായിരുന്നതിനാൽ HOD Level Delegation -നുള്ള 1.65 ലക്ഷം രൂപ sanction |

| | | | |
|---|---|---|---|
| | | | ചെയ്യുകയും ടി തുക ഉൾപ്പെടെ 6.65 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 5 ലക്ഷം രൂപ rectification ചെയ്യുന്നതിനായി C3/91/2024-ഗതാഗതം നമ്പർ ഫയലിൽ പരിഗണനയിലാണ്. മോട്ടോർവാഹനവകുപ്പിന് 2024--25 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക 1837.05 ലക്ഷം രൂപയും, നാളിതുവരെ ചെലവഴിച്ച തുക 551.267 ലക്ഷം രൂപയും ആണ്. ചെലവിന്റെ ശതമാനം - 30%.<br><br>**ജലഗതാഗത വകുപ്പ്**<br><br>ജലഗതാഗത വകുപ്പിന് 2024- 25 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്ലാൻ ഹെഡിൽ 27 കോടി 41 ലക്ഷം രൂപ വകയിരുത്തുകയും 5.02.2025 വരെ 13 കോടി 70 ലക്ഷത്തി 50,000/- രൂപ അനുവദിച്ചതിൽ ആയതിന്റെ 48. 16 % തുകയായ 13 കോടി 20 ലക്ഷം രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തു.<br><br>**കെ.എസ്.ആർ.ടി.സി**<br><br>കെ.എസ് ആർ.ടിസി-യ്ക്ക് 2024 -25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 128.54 കോടി വകയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഹിത ത്തിൽ നിന്നും നാളിതുവരെ തുകയൊന്നും കെ.എസ്.ആർ.ടിസിയ്ക്ക് ലഭ്യമാക്കിയിട്ടില്ല.<br><br>**ശ്രീചിത്തിരതിരുന്നാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്**<br><br>ശ്രീചിത്തിര തിരുന്നാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിന് 2024-25-ലെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 5.28 കോടി രൂപ അനുവദിച്ചിരുന്നു.2024- 25 സാമ്പത്തിക വർഷം കോളേജിന്റെ PSTSB അക്കൗണ്ടിലേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ബഡ്ജറ്റ് തുക 50 % ആയി കുറയ്ക്കുന്നതിന്റെ ഭാഗമായി 2,03 കോടി രൂപയായി കുറയുകയും ചെയ്തു. മുൻ വർഷങ്ങളിൽ അനുവദിച്ച റെസ്യൂമെഡ് ഫണ്ടിൽ നിന്നും (Rs.26,08,915) 13,38.716/-രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ